**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** | **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ശാന്തകുമാരി കെ.** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിന് ബദലായി സംസ്ഥാനത്ത് എല്ലാവർക്കും മികച്ച വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെ കഴിഞ്ഞ സർക്കാർ ആരംഭിച്ച് ഈ സർക്കാർ തുടർന്നുവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിന് ബദലായി സംസ്ഥാനത്ത് എല്ലാവർക്കും മികച്ച വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെ കഴിഞ്ഞ സർക്കാർ ആരംഭിച്ച് ഈ സർക്കാർ തുടർന്നുവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ താഴെപറയും പ്രകാരം തുടർന്നു വരുന്നു. അടിസ്ഥാന സൗകര്യവികസനം സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100 ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. കൂടാതെ SSK, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 120 സ്കൂൾ കെട്ടിടങ്ങളും 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 96സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. സാങ്കേതിക വിദ്യ ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ എല്ലാ സെക്കന്ററി, ഹയർസെക്കന്ററി ക്ലാസ് മുറികളും സാങ്കേതിക വിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. 4,752 സ്കൂളുകളിൽ ഐ.ടി അടിസ്ഥാന സൗകര്യം, 11,257 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി, 14,000 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്, 1 മുതൽ 12 |

വരെയുള്ള ക്ലാസുകൾക്കായി 1,19,051 ലാപ്ടോപ്പ്, 69,955 പ്രൊജക്ടർ, 4,578 ഡി.എസ്.എൽ.ആർ ക്യാമറ, 4,545 43 inch ടി.വി, 4,609മൾട്ടി ഫങ്ഷൻ പ്രിന്റർ, 23,098 സ്ക്രീൻ , 4,720 വെബ്ക്യാം, 1,00,439 യു.എസ്.ബി സ്പീക്കർ, 43250 പ്രൊജക്ടർ മൗണ്ടിങ് കിറ്റ് തുടങ്ങിയ ഐ.ടി ഉപകരണങ്ങൾ വിന്യസിച്ചു. സാങ്കേതികവിദ്യ ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്താൻ 'സമഗ്ര'പോർട്ടൽ തയ്യാറാക്കി. ഡിജിറ്റൽ ക്ലാസുകൾ കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും ജൂൺ 1ന് തന്നെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു. ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണം എന്ന ഉദ്ദേശ്യത്തോടെ പതിനായിരത്തിലേറെ ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കും, ഡിജിറ്റൽ ക്ലാസുകൾ വീക്ഷിക്കാനുള്ള സൗകര്യവും ഒരുക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് യൂട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസുകൾ ഒരുക്കി. കന്നട, തമിഴ് മാധ്യമം കുട്ടികൾക്കും, വൊക്കേഷണൽ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ ഉറപ്പാക്കി. കുട്ടികൾക്ക് അവരുടെ അധ്യാപകർ തന്നെ നേരിട്ട് ഓൺലൈൻ ക്ലാസ്സെടുക്കുന്നതിനായി 'ജി-സ്യൂട്ട്' പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കി. 426 സ്കൂളുകളിൽ പൈലറ്റ് വിന്യാസം നടന്നുവരുന്നു. അക്കാദമികം സ്കൂളിന്റെ സമഗ്രവികസനത്തെ കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തി. അക്കാദമിക് വർഷാരംഭത്തിന് മുമ്പ് തന്നെ സമഗ്ര അക്കാദമിക് കലണ്ടർ തയ്യാറാക്കി. ശാസ്ത്ര മേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ്" ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ കാര്യത്തിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ 'ഇ ക്യൂബ്

| | | | |
|---|---|---|---|
| | | | (E3)' എന്നീ പദ്ധതികൾ നടപ്പിലാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനും വേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗവിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിങ് പദ്ധതി' എന്നിവ ആവിഷ്കരിക്കുകയും, അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേകം കരിക്കുലം, കൈപ്പുസ്തകം എന്നിവ വികസിപ്പിച്ചു. സാമൂഹികം രക്ഷകർതൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ 'നന്മ പൂക്കുന്ന നാളേയ്ക്ക്' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിലാകെ പ്രസരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ എല്ലാവിധ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളിലും സമൂഹ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി. |
| (ബി) | മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള അക്കാദമിക അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിൽ നാളിതുവരെയില്ലാത്ത വിധം വലിയ മുന്നേറ്റമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് കൈവരിക്കാൻ കഴിഞ്ഞതെന്ന് വിലയിരുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പ് മേധാവികളുടെ യോഗങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ മിഷൻ ടീം അംഗങ്ങളും ജില്ലാതല ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന യോഗങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്താറുണ്ട്. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി ബന്ധപ്പെട്ട എസ്.പി.വികൾ (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ), മോണിറ്റർ ചെയ്യുന്ന ഏജൻസികൾ എന്നിവരുടെ യോഗങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നിരന്തരം വിലയിരുത്തൽ നടത്താറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി തല യോഗങ്ങളിൽ നവകേരള മിഷന്റെ പ്രവർത്തനങ്ങളുടെ അവലോകനത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. അതോടൊപ്പം ജില്ലാ കളക്ടർ ചെയർമാനായ |

| | | | |
|---|---|---|---|
| | | | ജില്ലാതല കർമ്മസമിതി യോഗങ്ങളിലും പൊതുവിദ്യാഭ്യാസ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന കർമ്മ സേന യോഗങ്ങളിലും പ്രവർത്തനങ്ങളുടെ അവലോകനം ചെയ്യാറുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന മിഷൻ യോഗങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും കൃത്യമായ വിലയിരുത്തലിന് വിധേയമാക്കാറുണ്ട്. |
| (സി) | അധ്യാപന നിലവാരം ഉയർത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ? | (സി) | ക്ലാസ് റൂം വിനിമയം ഫലപ്രദമായി നടത്തുന്നതിനായി സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികൾ വിദ്യാലയങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്. ഓരോ കുട്ടിയുടേയും കഴിവുകൾ അനന്യമാണ് എന്ന തിരിച്ചറിവോടെ അക്കാദമിക ഇടപെടലുകൾ നടത്താൻ പ്രാപ്തമാകും വിധമാണ് അദ്ധ്യാപക പരിശീലനങ്ങളുടെ ഉള്ളടക്കം നിശ്ചയിച്ചിരിക്കുന്നത്. സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ ലക്ഷ്യമിട്ട് അദ്ധ്യാപകർക്ക് വേണ്ടി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. സമഗ്ര ഡിജിറ്റൽ വിഭവങ്ങൾ ഓരോ ക്ലാസിലും എങ്ങിനെയെല്ലാം പ്രയോജനപ്പെടുത്തുമെന്നത് സംബന്ധിച്ച പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്. 'ജി-സ്യൂട്ട്'മായി ബന്ധപ്പെട്ട് കൈറ്റ് തയ്യാറാക്കിയ പരിശീലന മൊഡ്യൂൾ ഉപയോഗിച്ച് പൈലറ്റ് വിന്യാസം നടത്തിയ 426 സ്കൂളുകളിലെ അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പുതുതായി നിയമനം നേടിയ അദ്ധ്യാപകർക്ക് ഇൻഡക്ഷൻ പരിശീലനവും നൽകിയിട്ടുണ്ട്. ഹയർസെക്കന്ററി അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പത്ത് ദിവസത്തെ അദ്ധ്യാപക പരിവർത്തന പരിപാടി (ടീച്ചർ ട്രാൻസ്ഫർമേഷൻ) ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനു വേണ്ടി നൂതന പഠനരീതികളും സിദ്ധാന്തങ്ങളും പ്രയോജനപ്പെടുത്തി ആധുനിക പഠനബോധന തന്ത്രങ്ങൾ പ്രാവർത്തികമാക്കിയും, ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും, അദ്ധ്യാപകർക്ക് തത്സമയ പിന്തുണ ഉറപ്പുവരുത്തിയും അദ്ധ്യാപകർക്ക് പരിശീലനം ലഭ്യമാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ മേഖലയിലെ അതിനൂതനമായ പഠനരീതികളും സമീപനങ്ങളും ബോധനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രയോജനപ്പെടുത്തിവരുന്നു. സാമൂഹിക ജ്ഞാനനിർമ്മിതി വാദത്തിലും വിമർശനാത്മക ബോധനത്തിലും അധിഷ്ഠിത ആധുനിക രീതികൾ |

| | | | |
|---|---|---|---|
| | | | അദ്ധ്യാപനത്തിൽ പ്രയോജനപ്പെടുത്തി വരുന്നുമുണ്ട്. ആധുനിക പഠനബോധന തന്ത്രങ്ങളായ പ്രോജക്ട് രീതി, അന്വേഷണാത്മക രീതി, ഗവേഷണ പഠനരീതി, കണ്ടെത്തൽ പഠനം, പ്രശ്നാധിഷ്ഠിത പഠനം തുടങ്ങിയ നിരവധി തന്ത്രങ്ങൾ പ്രയോജനപ്പെടുത്തിയും അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ അദ്ധ്യാപകർക്ക് അവധിക്കാല പരിശീലനം, ക്ലസ്റ്റർതല പരിശീലനം, ആവശ്യാധിഷ്ഠിത (need based) പരിശീലനം,ഓൺലൈൻ ശിൽപശാലകൾ, അധ്യാപക പരിവർത്തന പരിപാടി (ആറ് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ്) എന്നീ രീതിയിലും പരിശീലനം ലഭ്യമാക്കുന്നു. ഗൂഗിൾ - സൂംമീറ്റ് പോലുള്ള ഓൺലൈൻ ക്ലാസ്സുകൾ,സാമൂഹിക മാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ, വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ചുള്ള പരിശീലന പരിപാടികൾ എന്നിവയും ഓൺലൈൻ സപ്പോർട്ട്, ഓൺലൈൻ അക്കാദമിക പിന്തുണ എന്നിവയും അദ്ധ്യാപകർക്ക് നൽകി വരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചു കൊണ്ട് ഹയർസെക്കന്ററി അദ്ധ്യാപകർക്ക് 'ഹയർ സെക്കന്ററി അദ്ധ്യാപകപരിവർത്തനോന്മുഖ പരിപാടി (HSSTTP) ' എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സും, ഹയർസെക്കന്ററി പ്രിൻസിപ്പാൾമാർക്ക് മൂന്നു ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം "ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) എന്നിവയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ